"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റിൽ ലോ ഓഫീസർ തസ്തിക സൃഷ്ടിച്ചും ടി തസ്തികയിൽ സെക്രട്ടേറിയറ്റിലെ നിയമവകുപ്പിൽ നിന്ന് അണ്ടർ സെക്രട്ടറി റാങ്കിലുള്ള ഒരുദ്യോഗസ്ഥനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുവാൻ അനുമതി നല്കിയും -ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(കൈ) നം.78/2022/TAXES തീയതി,തിരുവനന്തപുരം, 17-10-2022

---

പരാമർശം:- സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 28.11.2021 ലെ SLTY/376/ 2019-E7 നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റിൽ നിയമ ഓഫീസറുടെ ഒരു തസ്തിക അനുവദിക്കുന്നതിനായി പരാമർശത്തിലെ കത്ത് പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ ശിപാർശ നല്കിയിരുന്നു. അനധികൃത എഴുത്തു ലോട്ടറികൾക്കെതിരെയും ചട്ടവിരുദ്ധ പ്രവർത്തനം നടത്തുന്ന ഏജന്റുമാർക്കെതിരെയും നിയമ നടപടികൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട കേസുകൾ, സമ്മാനവിതരണവുമായും അന്യസംസ്ഥാന ക്ലെയ്മുകളുമായും ബന്ധപ്പെട്ട കേസുകൾ എന്നിങ്ങനെ നിരവധി കേസുകൾ ഭാഗ്യക്കുറി വകുപ്പിൽ നിലവിലുണ്ടെന്നും ഇതിനായി നിയമത്തിൽ പ്രത്യേക പ്രാവീണ്യമുള്ള ഒരുദ്യോഗസ്ഥന്റെ സേവനം അടിയന്തരമായി ആവശ്യമുണ്ടെന്നും ഭാഗ്യക്കുറി ഡയറക്ടർ വ്യക്തമാക്കിയിരുന്നു.

സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ ശിപാർശ സർക്കാർ വിശദമായി പരിശോധിച്ചു. സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ നിയമത്തിലും നിയമ നിർമ്മാണത്തിലും പ്രാവീണ്യമുള്ള ഒരുദ്യോഗസ്ഥന്റെ സേവനം വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിന് അത്യന്താപേക്ഷിതമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റിൽ അണ്ടർ സെക്രട്ടറി റാങ്കിൽ ഒരു ലോ ഓഫീസർ തസ്തിക സൃഷ്ടിച്ചും, ടി തസ്തികയിൽ സെക്രട്ടേറിയറ്റിലെ നിയമവകുപ്പിൽ നിന്ന് അണ്ടർ സെക്രട്ടറി റാങ്കിലുള്ള ഒരുദ്യോഗസ്ഥനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കാൻ അനുമതി നല്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രത്തൻ യു കേൽക്കർ ഐ എ എസ്
സെക്രട്ടറി

സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ/ജി&എസ്എസ്എ) കേരള, തിരുവനന്തപുരം

പൊതുഭരണ (എസ്സി) വകുപ്പ്

നിയമ വകുപ്പ്

ധനകാര്യ വകുപ്പ് (04.07.2022 ലെ E:2045926/Exp.B1/201/2022-Fin പ്രകാരം)

വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (Taxes-H1/356/2020-Taxes)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 13-10-2022

ഫയൽ നം. എച്ച്1/356/2020/നി.വ. ഇനം നം: 1089

വിഷയം : നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി ഡയറക്ട്രേറ്റിൽ നിയമ ഓഫീസറുടെ ഒരു തസ്തിക സൃഷ്ടിച്ച് അതിൽ സെക്രട്ടേറിയറ്റിലെ നിയമ വകുപ്പിലെ അണ്ടർ സെക്രട്ടറി റാങ്കിലുള്ള ഉദ്യോഗസ്ഥനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, നികുതി വകുപ്പ്.

AS (Lawa)
14/10/22

15/10/22

# കേരള സർക്കാർ
## (പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നം. | : | എച്ച്1/356/2020/നി.വ |
| 2 | വകുപ്പ് | : | നികുതി (എച്ച്) വകുപ്പ് |
| 3 | വിഷയം | : | സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റിൽ നിയമ ഓഫീസറുടെ ഒരു തസ്തിക സൃഷ്ടിച്ച് അതിൽ സെക്രട്ടേറിയറ്റിലെ നിയമ വകുപ്പിലെ അണ്ടർ സെക്രട്ടറി റാങ്കിലുള്ള ഉദ്യോഗസ്ഥനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 24.09.2022 |
| 5 | i.ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ | : | അതെ |
| | ii. സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര്. | : | സിനി. ജെ. ഷുക്കൂർ |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ഡോ. രത്തൻ യു. കേൽക്കർ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി. | : | 27.09.2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി.പി. ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 30.09.2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | കെ. എൻ. ബാലഗോപാൽ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 28.09.2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 01.10.2022 |
| 15 | മന്ത്രിസഭാ യോഗം തീരുമാനം എടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റിൽ നിയമ ഓഫീസറുടെ ഒരു തസ്തിക സൃഷ്ടിച്ച് അതിൽ സെക്രട്ടേറിയറ്റിലെ നിയമവകുപ്പിൽ നിന്ന് അണ്ടർ സെക്രട്ടറി തസ്തികയിലുള്ള ഒരുദ്യോഗസ്ഥനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിന് അനുമതി തേടിയുള്ളതാണ് ഈ കുറിപ്പ്.

സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റിൽ നിയമ ഓഫീസറുടെ ഒരു തസ്തിക അത്യന്താപേക്ഷിതമാണെന്ന് കാണിച്ച് സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ ശിപാർശ നല്കിയിരുന്നു. അനധികൃത എഴുത്തു ലോട്ടറികൾ, ചട്ടവിരുദ്ധ പ്രവർത്തനം നടത്തുന്ന ഏജന്റുമാർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട കേസുകൾ, സമ്മാനവിതരണവുമായും അന്യസംസ്ഥാന ക്ലെയിമുകളുമായും ബന്ധപ്പെട്ട കേസുകൾ എന്നിങ്ങനെ നിരവധി കേസുകൾ ഭാഗ്യക്കുറി വകുപ്പിൽ നിലവിലുണ്ട് എന്ന് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തുടർന്ന് ഫയൽ ധനകാര്യ വകുപ്പിന് അഭിപ്രായത്തിനായി നല്കിയപ്പോൾ ടി വകുപ്പ് ചുവടെപ്പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി

***സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ഭാഗ്യക്കുറി ഡയറക്ടറേറ്റിൽ Law Officer തസ്തിക സൃഷ്ടിക്കാൻ കഴിയില്ലെന്നും സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് ശിപാർശ പരിഗണിക്കാം എന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു***

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ ഒരു നിയമ ഓഫീസറുടെ സേവനം ഒഴിവാക്കാനാകാത്തതായതിനാൽ നിർദ്ദേശം പുനഃപരിശോധിക്കണമെന്നഭ്യർത്ഥിച്ച് ഫയൽ വീണ്ടും ധനകാര്യ വകുപ്പിന് നല്കിയപ്പോൾ ടി വകുപ്പ് ചുവടെപ്പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി :-

***സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ഭാഗ്യക്കുറി ഡയറക്ടറേറ്റിൽ Law Officer തസ്തിക സൃഷ്ടിക്കാൻ കഴിയില്ലെന്നും സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് ശിപാർശ പരിഗണിക്കാം എന്ന മുൻ അഭിപ്രായത്തിൽ ധന വകുപ്പ് ഉറച്ചു നില്ക്കുന്നു എന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു.***

തുടർന്ന് ധനകാര്യ വകുപ്പിന്റെ അഭിപ്രായം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറെ അറിയിക്കാമോ എന്നതിൽ ഉത്തരവിനായി ഫയൽ ബഹു. ധനകാര്യ വകുപ്പ് മന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ ***"ലോട്ടറി ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ അണ്ടർ സെക്രട്ടറി റാങ്കിൽ ലോ ഓഫീസർ തസ്തിക അനുവദിക്കുക"*** എന്ന് ബഹു. ധനകാര്യ വകുപ്പ് മന്ത്രി ഉത്തരവായി.

സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റിൽ അണ്ടർ സെക്രട്ടറി റാങ്കിൽ ലോ ഓഫീസർ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയമായതിനാൽ ടി ശിപാർശ മന്ത്രിസഭയുടെ പരിഗണയ്ക്ക് സമർപ്പിക്കാമോ എന്നതിൽ ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ മന്ത്രിസഭ മുമ്പാകെ സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനമെടുക്കേണ്ട വിഷയം

സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റിൽ നിയമ ഓഫീസറുടെ ഒരു തസ്തിക സൃഷ്ടിച്ച് അതിൽ സെക്രട്ടേറിയറ്റിലെ നിയമവകുപ്പിൽ നിന്ന് അണ്ടർ സെക്രട്ടറി റാങ്കിലുള്ള ഒരുദ്യോഗസ്ഥനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കാമോ ?

# GOVERNMENT OF KERALA

(PINARAYI VIJAYAN MINISTRY)

NOTE FOR THE COUNCIL OF MINISTERS

| | | | |
|---|---|---|---|
| 1 | File No. | : | H1/356/2020/Taxes |
| 2 | Department | : | Taxes (H) Department |
| 3 | Subject | : | To create a post of Law Officer in the State Lotteries Department in the Rank of Under Secretary and appoint an officer on deputation basis from the Law Department in Secretariat – regarding. |
| 4 | Date of Chief Minister's Order for placing before the Council. | : | 24.09.2022 |
| 5 | i) Does the case involve financial commitments/ Implications | : | Yes |
| | ii)If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note. | : | Yes |
| 6 | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council ? | : | No |
| 7 | Name of Additional Secretary who submitted the Draft Note. | : | Sini J Shukkoor |
| 8 | Name of Secretary who approved the Draft Note. | : | Dr. Rathan U. Kelkar |
| 9 | Date of approval of the Draft Note for the Council by the Secretary. | : | 27.09.2022 |
| 10 | Name of Chief Secretary who approved the Draft Note. | : | Dr. V.P. Joy |
| 11 | Date of approval of the Draft Note for the Council by the Chief Secretary. | : | 30.09.2022 |
| 12 | Name of Minister who approved the Draft Note. | : | K.N. Balagopal |
| 13 | Date of approval of the Draft Note for the Council by the Minister. | : | 28.09.2022 |
| 14 | Date of submission of fair copies. | : | 01.10.2022 |
| 15 | Date of decision by the Council of Ministers. | : | |
| 16 | Number & date of the G.O./letter communicating the decision. | : | |

# NOTE FOR THE COUNCIL OF MINISTERS

This note deals with the proposal to create a post of Law Officer in the State Lotteries Department in the Rank of Under Secretary, Law Department and to appoint an officer on deputation basis from the Law Department.

Director of State Lotteries has submitted a proposal for the appointment of Law Officer stating that the post is inevitable. Numerous litigations regarding illegal *ezhuthu lotteries, other state lotteries,* actions against the agents engaged in unlawful practices and cases related to prize distribution are exisitng in the department.

Finance Department has been consulted for remarks and that Department had opined as follows :-

***സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ഭാഗ്യക്കുറി ഡയറക്ടറേറ്റിൽ Law Officer തസ്തിക സൃഷ്ടിക്കാൻ കഴിയില്ലെന്നും സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് ശിപാർശ പരിഗണിക്കാം എന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു***

As the service of a Law Officer is inevitable in the State Lotteries Department , the Finance Department has again been consulted for reconsideration of the proposal and that Department has opined as follows :-

***സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ഭാഗ്യക്കുറി ഡയറക്ടറേറ്റിൽ Law Officer തസ്തിക സൃഷ്ടിക്കാൻ കഴിയില്ലെന്നും സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് ശിപാർശ പരിഗണിക്കാം എന്ന മുൻഅഭിപ്രായത്തിൽ ധനവകുപ്പ് ഉറച്ചുനില്ക്കുന്നു എന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു.***

When the file was circulated to Hon'ble Minister for Finance for orders whether the opinion of Finance Department can be communicated to the Director of State Lotteries, Hon'ble Minister has ordered to create a post of Law Officer in the rank of Under Secretary proposed by the Director of State Lotteries.

Since a post of Law Officer has to be created in the rank of Under Secretary, the file has been circulated to Hon'ble Chief Minister for orders whether the matter may be placed

before the council of Ministers,. Hon'ble Chief Minister agreed to place the matter before the council of ministers.

## Point for Decision

Whether a post of Law Officer in the Rank of Under Secretary in Law Department can be created in the Directorate of State Lotteries and an officer from the Law Department in the Secretariat can be appointed on deputation basis?